(സി&ഡി) മേൽപ്പറഞ്ഞ എട്ട് പരാതികളും വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടായിട്ടുള്ള നഷ്ടത്തിന് പരിഹാര തുക പദ്ധതിധനസഹായം ലഭ്യമാക്കാനുള്ള അപേക്ഷകളായിരുന്നു. ഇതിൽ അഞ്ചെണ്ണം പരിശോധിച്ച് ധനസഹായം നല്കിയിട്ടുണ്ട്. ബാക്കിയുള്ള ഈ സാമ്പത്തികവർഷം തന്നെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടാനയുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നിലവിൽ ഉള്ള ചട്ടങ്ങൾ പ്രകാരം പരമാവധി 10,000 രൂപവരെ ധനസഹായം നല്കുന്നതിനും കാട്ടാനശല്യം നിരന്തരമായി ഉണ്ടാകുന്ന പ്രദേശങ്ങളിലെ വനാതിർത്തികൾ സ്റ്റീൽ വൈദ്യുതി കം പിമേലി നിർമ്മിക്കാനും നടപടി സ്വീകരിക്കുന്നുണ്ട്.

ഗാന്ധി സ്മൃതിവനം പദ്ധതി

114 (2564) ശ്രീ. ജി. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഗാന്ധി സ്മൃതിവനം പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിൽ എന്ന് വ്യക്തമാക്കാമോ ;

(ബി) സ്മൃതി വനത്തിനുവേണ്ടി ഇതുവരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു ; ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ എവിടെ വരെയായി ;

(സി) ഈ പദ്ധതി ജിം-ൽ ഉൾപ്പെടുത്തിയതിന്റെ ഫലമായി ആരെങ്കിലും ഏറ്റെടുത്തു കഴിഞ്ഞോ ?

ഉത്തരം

(എ) ഗാന്ധി സ്മൃതി വനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടില്ല. ഈ ഭൂമി ഏറ്റെടുത്തതിനെതിരെ ഫയൽ ചെയ്ത ഒ.പി.-യുടെ വെളിച്ചത്തിൽ ഏറ്റെടുക്കൽ നടപടി മന്ദീഭവിക്കുകയുണ്ടായി. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി 415 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള 195 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) ആരും ഏറ്റെടുത്തു കഴിഞ്ഞിട്ടില്ല.

വയനാട് ജില്ലയിലെ വനഭൂമി

115 (2565) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ 19-2-2000, 31-10-2000 എന്നീ തീയതികളിലെ നോട്ടിഫിക്കേഷനനുസരിച്ച് വയനാടു ജില്ലയിൽ എവിടെയെല്ലാമുള്ള ഭൂമി വനഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം വനഭൂമിയായി പ്രഖ്യാപിച്ച സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് ജണ്ടയിട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വനഭൂമിക്ക് ജണ്ട ഇടാത്തതുകൊണ്ട് ബാക്കി സ്ഥലം കൃഷി ചെയ്യുന്ന കർഷകരിൽ നിന്നും ഭൂനികുതി, കാർഷികാദായ നികുതി, തോട്ടം നികുതി എന്നിവ പിരിക്കുവാൻ കഴിയുന്നുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരമുള്ള വനഭൂമിയുടെയും മറ്റു ഭൂമിയുടെയും അതിർത്തി നിർണ്ണയിച്ച് ജണ്ടയിടുമോ ;

(ഇ) സംസ്ഥാന ഗവർണ്ണർ പുറപ്പെടുവിച്ച 2000-ാം മാണ്ടിലെ 3-ാം നമ്പർ ഓർഡിനൻസും 6-ാം നമ്പർ ഓർഡിനൻസും പ്രകാരം ഇക്കോളജിക്കലി ഫ്രഫൈൽ ആയിട്ടുള്ള സ്ഥലം തരം തിരിച്ചിട്ടുണ്ടോ ;

(എഫ്) അപ്രകാരം ചെയ്യാത്തതുമൂലം നിരവധി കർഷകർക്ക് ത്രിതല പഞ്ചായത്തുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കിട്ടാനുള്ള ആനുകൂല്യങ്ങൾ കിട്ടാതെ വന്നിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇക്കോളജിക്കലി ഫ്രഫൈൽ ആയിട്ടുള്ള ഭൂമി ഉടനടി തരംതിരിക്കുമോ ?

ഉത്തരം

(എ) 19-2-2000-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല. 2-6-2000-ൽ 3(1) പ്രകാരം 19-9-2000, 31-10-2000 എന്നീ തീയതികളിലെ നോട്ടിഫിക്കേഷനിലൂടെ വയനാട് ജില്ലയിൽ 1743.236 ഹെക്ടർ സ്ഥലം വനഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ 293.72 ഹെക്ടർ സ്ഥലം മാനന്തവാടി താലൂക്കിൽ പേര്യ, തോടമാട്, വെള്ളമുണ്ട വില്ലേജുകളിൽപ്പെട്ടതും, 1443.43 ഹെക്ടർ വൈത്തിരി താലൂക്കിൽ കുന്നത്തിടവക, പൂൺടേൽ, കോട്ടപ്പടി, വെള്ളരിമല, തരിയോട്, പടിഞ്ഞാറെത്തറ കോട്ടത്തറ, പൊഴുതന എന്നീ വില്ലേജിൽപ്പെട്ടതും 6.07 ഹെക്ടർ സ്ഥലം മുപ്പൈനാട് വില്ലേജിൽപ്പെട്ടതുമാണ്.

(ബി) ഇല്ല.

(സി) ഇക്കാര്യം വനം വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

(ഡി) അതിർത്തി നിർണ്ണയിച്ച് ജണ്ടയിടുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) 2000-മാണ്ടിലെ 3-ാം നമ്പർ ഓർഡിനൻസിലെ പുനർപ്രഖ്യാപനമാണ് 6-ാം നമ്പർ ഓർഡിനൻസ്. ഓർഡിനൻസ് വകുപ്പ് 3(1) പ്രകാരം മാത്രമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്. ഓരേ വകുപ്പ് പ്രകാരം ഏറ്റെടുത്തിട്ടുള്ളതാകയാൽ പ്രത്യേക തരംതിരിവുകളില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വിജ്ഞാപന പ്രകാരം ഓർഡിനൻസിന്റെ പരിധിയിൽപ്പെട്ടിട്ടുള്ള ഭൂമി തരംതിരിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly